# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1993 — 07.12.2015-ൽ മറുപടിക്ക്

## അജാനൂർ മത്സ്യബന്ധന തുറമുഖം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | അജാനൂർ മത്സ്യബന്ധന തുറമുഖത്തിന്റെ സാധ്യതാ പഠനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | അജാനൂർ മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാപഠനം പൂനയിലെ CWPRS എന്ന ഏജൻസിയാണ് നടത്തുന്നത്. ആയതിന്റെ കരട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ടി സ്ഥാപനം ആവശ്യപ്പെട്ട അധിക വിശദാംശങ്ങൾ ശേഖരിച്ച് വരികയാണ്. ആയത് ലഭ്യമാക്കി 4 മാസത്തിനകം പഠനം പൂർത്തിയാക്കാമെന്നാണ് CWPRS അധികൃതർ അറിയിച്ചിട്ടുള്ളത്. |
| (ബി) | ഏത് ഏജൻസിയാണ് പഠനം നടത്തുന്നതെന്നും എത്ര വർഷം കൊണ്ട് പഠനം പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ; | | |
| (സി) | പഠനത്തിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും ഇനി എത്ര രൂപ ചെലവ് വരുമെന്നും വിശദമാക്കുമോ; | (സി) | അന്വേഷണ ഗവേഷണ പ്രവൃത്തികൾക്കും മാതൃകാപഠനത്തിനുമായി ഇതുവരെ 19,79,428/- രൂപ ചെലവഴിച്ചിട്ടുണ്ട്. മത്സ്യബന്ധന തുറമുഖത്തിന്റെ അന്വേഷണ ഗവേഷണ പ്രവൃത്തികൾക്കായി 53.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പരിസ്ഥിതി പഠനം, CRS റിപ്പോർട്ട്, Pollution Control Board ന്റെ consent എന്നിവ ലഭിക്കാനുണ്ട്. ഭരണാനുമതി തുകയിൽ നിജപ്പെടുത്തി പഠനം പൂർത്തീകരിക്കാനാകുന്നതാണ്. |

സെക്ഷൻ ഓഫീസർ